**.പ്രകോപനമില്ലാതെ പാകിസ്ഥാന് വെടിനിർത്തല് ലംഘനം നടത്തിയത് ഇന്ത്യൻ സൈനികന്റെ മരണത്തിന് കാരണമായതിൽ പാകിസ്ഥാൻ ഹൈക്കമ്മീഷനിലെ ഉദ്യോഗസ്ഥനെ വിളിച്ച് വരുത്തി താക്കീതു ചെയ്തു**

ആഗസ്ത് 09, 2017

കൃഷ്ണ ഘാട്ടി മേഖലയിൽ ആഗസ്ത് 8, 2017 നു പ്രകോപനമില്ലാതെ പാകിസ്ഥാൻ സൈന്യം നടത്തിയ വെടിനിർത്തല് ലംഘനം ഇന്ത്യൻ സൈനികന്റെ മരണത്തിന് കാരണമായതിൽ ഇന്ന് ന്യൂഡെൽഹിയിലെ പാകിസ്ഥാൻ ഹൈക്കമ്മീഷനിലെ കൌൺസലര് താരിഖ് കരീമിനെ കേന്ദ്ര വിദേശകാര്യ മന്ത്രാലയം വിളിച്ച് വരുത്തി താക്കീതും ശക്തമായ പ്രതിഷേധവും രേഖപ്പെടുത്തി. സംഭവത്തെ വളരെ ശക്തമായ ഭാഷയിൽ അപലപിക്കുകയും ഒരു ജീവൻ അങ്ങിനെ നഷ്ടപ്പെത്തുവാൻ ഇടയായത് ദൌർഭാഗ്യകരവുമാണെന്നും അറിയിച്ചു.

പാകിസ്ഥാൻ സൈന്യം നിയന്ത്രണ രേഖയുടെ (Line of Control (LoC) അരികിലും അന്താരാഷ്ട്ര അതിർത്തിയിലും (International Border (IB) പ്രകോപനമില്ലാതെ വെടിനിർത്തല് ലംഘിക്കുന്ന സംഭവങ്ങൾ തുടരുന്നതിൽ നമുക്കുള്ള ഉത്കണ്ഠയും പങ്ക് വച്ചു. സമാധാനവും ശാന്തിയും നിലനിർത്തുന്നതിന് 2003 ലെ വെടിനിർത്തല് ധാരണയില് ഉറച്ചു നിൽക്കുവാനും സംയമനത്തിനുമായി നിരന്തരം ആവർത്തിച്ചു ആവശ്യപ്പെട്ടിട്ടും ഈ വർഷം ഇതിനോടകം തന്നെ നിയന്ത്രണ രേഖയുടെ ഭാഗങ്ങളിൽ പാകിസ്ഥാന് സൈന്യം പ്രകോപനമില്ലാതെ 301 തവണ വെടി നിർത്തല് ലംഘനം നടത്തിയിട്ടുണ്ട്

ന്യൂഡെൽഹി
9 ആഗസ്ത് 2017